**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 786** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | 2023 -ൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2023 ഫെബ്രുവരി 1 മുതൽ 2023 ഏപ്രിൽ 30 വരെ നടപ്പാക്കിയിരുന്നു. പദ്ധതിയുടെ രണ്ടാം ഘട്ടം 2023 നവംബർ 1 മുതൽ 2024 ജനുവരി 31 വരെ നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ 2024 ജനുവരി 31 വരെ തുടരുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് സഹകാരികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതി പ്രകാരം സഹകാരികൾക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നു.<br>• പിഴപ്പലിശ പൂർണ്ണമായി ഒഴിവാക്കുന്നു.<br>• സാധാരണ പലിശ നിരക്കിൽ പലിശ കണക്കാക്കുന്നു.<br>• അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/-രൂപ വരെയുള്ള വായ്പകൾ ബാക്കി നിൽപ്പ് മുതൽ തുക മാത്രം ഈടാക്കി അവസാനിപ്പിക്കാവുന്നതാണ്.<br>• അഞ്ച് വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകളിൽ ബാക്കിനിൽപ്പ് മുതൽ തുകയും പലിശയുടെ 50% ഈടാക്കി അവസാനിപ്പിക്കാവുന്നതാണ്.<br>• അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായ 25,000/- രൂപ വരെയുള്ള വായ്പകളിൽ പലിശയിൽ വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 50% വരെ ഇളവ് നൽകാവുന്നതാണ്.<br>• അഞ്ച് വർഷത്തിൽ താഴെ കുടിശ്ശികയായതും 25,000/- രൂപയ്ക്ക് മുകളിൽ 50,000/- രൂപ വരെയുള്ള വായ്പകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 30% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്. |

- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കേണ്ടതാണ്.
- 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിന്മേൽ പലിശ മുതലിന് അധികരിക്കാത്ത കേസുകളിൽ പലിശയുടെ പരമാവധി 25% വരെ സംഘംതല കമ്മറ്റിക്ക് ഇളവു നൽകാവുന്നതാണ്.
- സംഘം തലത്തിൽ തീർപ്പ കൽപ്പിക്കാൻ കഴിയാത്ത 50,000/- രൂപയ്ക്ക് മുകളിൽ 2,00,000/- രൂപ വരെയുള്ള വായ്പകളിൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 50% വരെ പലിശയിൽ ഇളവ് നൽകാവുന്നതാണ്.
- 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ പരമാവധി 25% വരെ ഇളവ് അനുവദിക്കാവുന്നതാണ്.
- സംഘം തലത്തിൽ തീർപ്പ കൽപ്പിക്കാൻ കഴിയാത്ത 2,00,000/- രൂപയ്ക്ക് മുകളിൽ 25,00,000/-രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 40% വരെ പലിശയിൽ ഇളവു നൽകാവുന്നതാണ്.
- 25,00,000/-രൂപയ്ക്ക് മുകളിൽ 50,00,000/-രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ സംഘംതല കമ്മിറ്റിക്ക് പലിശയിൽ പരമാവധി 15% വരെ ഇളവ് അനുവദിക്കാവുന്നതാണ്.
- സംഘം തലത്തിൽ തീർപ്പ കൽപ്പിക്കാൻ കഴിയാത്ത 25,00,000/-രൂപയ്ക്ക് മുകളിൽ 50,00,000/- രൂപ വരെയുള്ള കുടിശ്ശിക വായ്പകളിന്മേൽ ജില്ലാതല കമ്മിറ്റിക്ക് പരമാവധി 20% വരെ പലിശയിൽ ഇളവു നൽകാവുന്നതാണ്.
- കൂടാതെ സാധാരണക്കാരായ ഗുരുതര രോഗ ബാധിതർ, മരണപ്പെട്ടവർ, മാതാ പിതാക്കൾ മരണപ്പെട്ട ശേഷം മാതാ പിതാക്കളുടെ ബാദ്ധ്യത തങ്ങളുടെ ബാദ്ധ്യതയായി നിലനിൽക്കുന്ന മക്കൾ തുടങ്ങിയ വിഭാഗത്തിലുള്ളവരുടെ കുടിശ്ശിക വായ്പകളും ഇളവുകളോടെ ടി പദ്ധതി പ്രകാരം അടച്ച് തീർക്കാവുന്നതാണ്.

| | | | |
|---|---|---|---|
| | | | • അതിദരിദ്ര സർവ്വേ പ്രകാരമുള്ള പട്ടികയിൽ ഉൾപ്പെട്ടവർക്ക് ഇളവുകൾ നൽകുന്നതിനുള്ള വ്യവസ്ഥകളും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കേരള സംസ്ഥാന സഹകരണ ബാങ്ക് (കേരള ബാങ്ക്) - ൽ നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് പുറമെ കുടിശ്ശിക നിവാരണത്തിനായി റിക്കവറി മാനേജ്മെന്റ് പോളിസിയും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (സി) | മേൽപറഞ്ഞ പദ്ധതിയിൽ കഴിഞ്ഞ വർഷം എത്ര സഹകാരികൾക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | കഴിഞ്ഞവർഷം 316462 സഹകാരികൾക്ക് നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ